# മലയില്ലാ നാട്ടിലെ ഓണം!

സി. രാജഗോപാൽ

പണ്ടൊക്കെ ഞങ്ങളുടെ നാട്ടിലേക്ക് ഓണം വന്നിരുന്നത് കുന്നിറങ്ങിയാണ്. ഓണം മാത്രമല്ല മഴയും വെയിലും വിരുന്നുകാരും വന്നത് കുന്നിറങ്ങിയാണ്. വിതക്കുകയും കൊയ്യുകയും ചെയ്യുന്ന താഴ്വാരങ്ങളിലേക്ക് ജീവിതം കിനിഞ്ഞിറങ്ങിവന്നത് കുന്നിൻ ചെരിവുകളിൽ നിന്ന്. ചളമ്പറ മലമുകളിൽ വന്നുദിക്കുന്ന സൂര്യനും മയിലാടും കുന്നിനു പിറകിൽ അസ്തമിക്കുന്ന സൂര്യനും ഞങ്ങളുടെ ഗ്രാമത്തിലെ അമ്മമാർ നിത്യവും പ്രഭാത സന്ധ്യകളിൽ വിളക്കു കൊളുത്തിക്കാട്ടി. കുന്നുകയറിയാണ് ഞങ്ങൾ നാട്ടുകാരുടെ ചിന്തകൾ ആകാശത്തേക്കു പറന്നു പോയത്. വിശാലവും മനോഹരവുമായ താഴ്വരകൾ കണ്ട് മലമ്പള്ളകളിലെ ഒറ്റയടിപ്പാതയിലൂടെ നാട്ടുകാർ വഴി നടന്നു. കുന്നിൻ നെറുകിൽ നിന്നു വരുന്ന തെളിനീർ ചോലകൾ കാണുമ്പോഴേ അവരുടെ ദാഹമകന്നു. കായ്ചുനിൽക്കുന്ന കാട്ടുപഴങ്ങൾ കാണുമ്പോഴേ .അവരുടെ വിശപ്പകന്നു. ആടുന്ന മയിലുകളെയും പാടുന്ന കുയിലുകളെയും കണ്ട്, ഇല്ലിമുളം തണലിൽ കളിച്ച് കുട്ടികൾ കാലിമേച്ചു നടന്നു. നാട്ടുവൈദ്യന്മാർ മലഞ്ചെരിവിലൂടെ നടന്ന് പച്ചമരുന്നുകൾ പറിച്ചു കൊണ്ടുവന്നു. കാരുണ്യത്തോടെ അതൊക്കെ നാടിന്റെ മുറിവുകളിൽ വെച്ചുകെട്ടി ശുശ്രൂഷിച്ചു. മലമ്പള്ളയിലെ കാട്ടുമരങ്ങളിൽഅരിച്ച് മലയന്മാർ കാട്ടുതേൻ ശേഖരിച്ച് വീടുകൾ തോറും കയറിയിറങ്ങി.

വിരിപ്പിലും മുണ്ടകത്തിലും മണ്ണിന് പശിമ കൂട്ടുവാൻ കൃഷിക്കാർ മലഞ്ചെരിവുകളിൽ നിന്നും പച്ചിലകൾ ശേഖരിച്ച് കെട്ടുകളാക്കി പാടത്തു വിതറി. നാനാതരം ഇലകളുടെ മണം കാറ്റിൽ ഒഴുകി നടന്നു. കുന്നിൻ ചെരിവിലെ പുല്ലാനിക്കാടുകളിൽ നിന്നും പുല്ലാനിവള്ളികൾ ശേഖരിച്ച് പെണ്ണുങ്ങൾ വള്ളിക്കൊട്ടകളുണ്ടാക്കി. ഈ കൊട്ടകളിൽ തേക്കിലകൾ വെച്ചാണ് പാടത്തേക്ക് ചാണകം കോരിയത്. കന്നുപൂട്ടുകയും കിളക്കുകയും വിതക്കുകയും കൊയ്യുകയും ചെയ്യുന്നവരുടെ കുടിലുകളധികവും കുന്നുകളുടെ പള്ളക്കാണ്. മൺപുറ്റുപോലുള്ള ചെറുവീടുകൾ. ഉള്ളും പുറവും ചാണകം തേച്ച് ചുമരുകൾ മണ്ണുപൂശി ചോപ്പിച്ച അവയുടെ മുറ്റത്തു നിന്നാൽ നാടു മുഴുവൻ കാണാം. കൃഷിപ്പണിക്കുള്ള തൊപ്പിക്കുടയും കുണ്ടൻകുടയും തൃക്കാക്കരയപ്പനു ചൂടാനുള്ള ഓലക്കുടയും ഉണ്ടാക്കിക്കൊണ്ടു വരുന്നവരുടെയും നെല്ലുകോരാനും ഉണക്കാനും സൂക്ഷിക്കാനുമുള്ള മുറവും പനമ്പും വട്ടിയും വല്ലവും ഉണ്ടാക്കിക്കൊണ്ടുവരുന്നവരുടെയും കുടിലുകൾ കുന്നുകളുടെ താഴ്വാരത്തിലാണ്. പുലർച്ചവരെ നിലാവുള്ള ഓണരാവുകളിൽ വെളുക്കുവോളം ആ കുടിലുകളുടെ മുറ്റങ്ങളിൽ പാട്ടും കളിയുമുണ്ടാവും. ഈണത്തിലുള്ള ആ പാട്ടും ചടുലതാളവും നിലാവിനൊപ്പം താഴ്വരകളിലാകെ ഒഴുകിപ്പടരും.

കുന്നിന്റെ ചെരിവിലെ തട്ടുതട്ടായ കൃഷിയിടങ്ങളിൽ ഓണക്കൊയ്ത്തിനുള്ള നെല്ല് പച്ചയിൽ നിന്നും മഞ്ഞയായി മാറുമ്പോൾ, പാടവരമ്പുകളിൽ തുമ്പയും മുക്കുറ്റിയും ചളമ്പറമലയുടെ ചെരുവിൽ കണ്ണാന്തളിയും കാശിത്തുമ്പയും പൂവിടുമ്പോൾ ഞങ്ങളുടെ നാട്ടിൽ ഓണമായി.



ഫോട്ടോ : ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ

കതിരുമുറിയാൻ വരുന്ന തത്തകളെ കിണ്ണംകൊട്ടി പറപ്പിച്ചും, തുമ്പിപ്പാട്ടു പാടിയും തെക്കേക്കര വടക്കേക്കരപാടിയും തെളിച്ചമുള്ള വെയിലിനും കാറ്റിനുമൊപ്പം കുട്ടികൾ ഉത്സാഹം കൊണ്ടു.

അത്തം പിറന്നാൽ പൂക്കൊട്ടയുമായി മലഞ്ചെരുവുകളിൽ, തൊടികളിൽ, പാടവരമ്പുകളിൽ തുമ്പികളെപ്പോലെ പറന്നു നടന്നു കുട്ടികൾ പൂപറിച്ചു. എന്തൊക്കെതരം പൂക്കളായിരുന്നു കുന്നിൻചെരുവുകളിൽ പൂത്തിരുന്നത്! ചളമ്പറമലയുടെ താഴ്വാരം കണ്ണാന്തളിയുടെ കാടായിരുന്നത്രെ!

ആ പൂത്ത മലഞ്ചെരിവുകളും കതിർ കാലങ്ങളും എവിടെപ്പോയ്മറഞ്ഞു! ചളമ്പറ മലയിലിപ്പോൾ റബ്ബർ മാത്രമേയുള്ളൂ. മയിലാടും കുന്ന് പകുതിയും മാന്തിക്കഴിഞ്ഞു. കാറ്റിൽ പാടുകയും ആടുകയും ചെയ്യുന്ന മുളങ്കാടുകൾ പാടെ അപ്രത്യക്ഷമായി. കുട്ടയും വട്ടിയും പനമ്പും പായയും ഓലക്കുടയും ഇന്ന് മാവേലിക്കും വേണ്ട മലയാളിക്കും വേണ്ട!

കിഴക്ക് ചളമ്പറക്കുന്നും പടിഞ്ഞാറ് മയിലാടുംകുന്നും തെക്ക് നാറാണത്തുഭ്രാന്തൻ കല്ലുരുട്ടിയ രായിരനല്ലൂർ മലയും വടക്ക് കുടവൻകുന്നം കണികണ്ടുണർന്ന പഴമക്കാർ ആ മലകൾ നോക്കിയും അറിഞ്ഞും അവരുടെ വലിപ്പ ചെറുപ്പങ്ങൾ തിരിച്ചറിഞ്ഞിരുന്നു. കാലത്തിന്റെയും ജീവിതത്തിന്റെയും സർവ്വസാക്ഷികളായി മൂക സാന്ത്വനങ്ങളായി മേല്പോട്ടു





പോകാനുള്ള വഴി കാണിച്ചുകൊണ്ട് അവ നാടിന്റെ ഗുരുക്കളും രക്ഷിതാക്കളും അതിരു സൂക്ഷിപ്പുകാരുമായി.

കുന്നുകളില്ലാതാകുന്ന ഒരു കാലം വരുമെന്ന് ആരും വിചാരിച്ചിരുന്നില്ല.

**"ശാന്ത ഗംഭീരമായ് പൊങ്ങിനില്ക്കും**
**അന്തിമഹാകാളൻ കുന്നുപോലും**
**ജൃംഭിത യന്ത്രക്കിടാവെറിയും**
**പമ്പരം പോലെ കറങ്ങിനിൽക്കുന്ന"**

കാലം വരുമെന്ന് 50 കൊല്ലം മുമ്പേകവി (ഇടശ്ശേരി) ആകുലപ്പെട്ടെങ്കിലും അത് സത്യമായിത്തീരുമെന്ന് ആര റിഞ്ഞു? കാലത്തോടൊപ്പം വെയിലും മഴയും ഋതുഭേദങ്ങളും കുന്നിറങ്ങി വരുന്നതറിഞ്ഞ്, ഉദയാസ്തമയങ്ങൾക്കു വിളക്കുവെച്ച് ഭൂമി തൊട്ടു വന്ദിച്ച ഒരു തലമുറയും കുന്നുകളോടൊത്ത് മൺമറയുകയാണ്. വിഢിപ്പെട്ടിയും ഓണക്കിറ്റും ഉണ്ടെങ്കിൽ ഏതു മരുഭൂമിയിലും ഓണമാഘോഷിക്കാമെന്നു കരുതുന്ന പുതിയ തലമുറക്കുമുന്നിൽ മലകൾ പൊടിഞ്ഞു പോകാതിരിക്കുന്നതെങ്ങനെ? പൂക്കൾ വിടരുന്നതെങ്ങനെ? മാവേലിവരുന്നതെങ്ങനെ? മലയില്ലാത്ത മലനാടും തലയില്ലാത്ത മലയാളിയും ചേർന്ന് 'വയറോണം' ആഘോഷിക്കുമ്പോൾ ആലോചിച്ചു നിൽക്കാതെ നമുക്കു കുത്തുപാള (പ്ലാസ്റ്റിക്) എടുത്ത് ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന് വരി നില്ക്കാം!!

കവിതാപുസ്തകം



**പെൺകുട്ടി ഒരു രാഷ്ട്രമാണ്**

**രൂപേഷ് പോൾ**

പ്രസാധനം : ഡി സി ബുക്സ്, കോട്ടയം